14928
29/8/19

കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യനീതിവകുപ്പ്- ഭിന്നശേഷിക്കാരുടെ പുനരധിവാസവും ഉന്നമനവും NGO സഹകരണത്തോടെ ഉറപ്പുവരുത്തുന്നതിനായുള്ള സമഗ്ര പദ്ധതി ' അതിജീവനം ' -ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

സാമൂഹ്യനീതി (ഡി) വകുപ്പ്

സ.ഉ(സാധാ)നം.487/2019/സാ.നീ.വ തീയതി, തിരുവനന്തപുരം 5.8.2019

പരാമർശം- 1. 26.3.2018 ലെ സ.ഉ (സാധാ) നം 189/ 2018/ സാനീവ ഉത്തരവ്

2. സാമൂഹ്യനീതി ഡയറക്ടറുടെ 8.5.2019, 22.7.2019 തീയതികളിലെ D3-6114/18 നമ്പർ കത്തുകൾ

3. 30.5.2019 ലെ വർക്കിംഗ് ഗ്രൂപ്പ് യോഗത്തിന്റെ മിനിട്ട്സ്

**ഉത്തരവ്**

പാർശ്വവൽക്കരിക്കപ്പെട്ടവരുടെ പുനരധിവാസം ഉറപ്പുവരുത്തുന്നതിനായി സാമൂഹ്യനീതി വകുപ്പ് മുഖേന നിരവധി ക്ഷേമ പദ്ധതികൾ നടപ്പിലാക്കി വരുന്നു. ഭിന്നശേഷിക്കാരുടെ പുനരധിവാസവും ഉന്നമനവും NGO സഹകരണത്തോടെ നടപ്പിലാക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ ദീൻദയാൽ റീഹാബിലിറ്റേഷൻ പദ്ധതിയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയിരിക്കുന്ന ' അതിജീവനം ' പദ്ധതിയുടെ ലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു

i. The Rights of Persons with Disabilities Act, 2016 നടപ്പാക്കുന്നതിന് സന്നദ്ധ സംഘടനകളുടെ ഇടപെടൽ ശക്തമാക്കുക
ii. വ്യക്തിഗത പരിപാലന പദ്ധതിയെ തുടർന്നുള്ള പ്രവർത്തനങ്ങൾ സന്നദ്ധ സംഘടനകൾ/പ്രാദേശിക സർക്കാരുകൾ/ സർക്കാരിതര ഏജൻസികളിലൂടെ നടപ്പാക്കുക
iii. അംഗപരിമിതരുടെ മുഖ്യധാരാവൽക്കരണത്തിനും അവകാശ സംരക്ഷണത്തിനും സ്വമേധയാ പ്രവർത്തനങ്ങൾ നടത്തുന്ന സന്നദ്ധ സംഘടനകളെ പ്രോത്സാഹിപ്പിക്കുക
iv. ഏകീകൃതമാതൃകയിൽ സേവനം നൽകുക
v. ഭിന്നശേഷിക്കാർക്ക് സാമൂഹ്യാധിഷ്ഠിത പുനരധിവാസം ഉറപ്പാക്കുക, കുടുംബജീവിതം സാധ്യമാക്കുക

2. പ്രസ്തുത പദ്ധതിയുടെ മാതൃകാ പ്രോജക്ടുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു

| പ്രോജക്ട് നം | പ്രോജക്ട് | ഒരു NGO യ്ക്കുള്ള സർക്കാർ വിഹിതം(70%) |
|---|---|---|
| I. | അംഗപരിമിതർക്കുള്ള തൊഴിൽ പരിശീലന കേന്ദ്രങ്ങൾ | 19,96,568/- |
| II. | അംഗപരിമിതർക്കുള്ള പകൽ പരിപാലന കേന്ദ്രങ്ങൾ | 15,48,218/- |
| III. | കാഴ്ചവൈകല്യമുള്ളവർക്കും, ബുദ്ധിപരമായ വെല്ലുവിളി നേരിടുന്നവർക്കും വിവര സാങ്കേതിക വിദ്യയിലൂടെ ഉന്നമനം ലക്ഷ്യമിടുന്ന പദ്ധതി | 19,07,850/- |
| IV. | മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള മാതൃകാ പുനരധിവാസ പരിപാടി | 14,87,668/- |

3. ടി സമഗ്ര പദ്ധതിയ്ക്ക് നടപ്പ് സാമ്പത്തിക വർഷം 2235-02-101-73(പി) ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 5 കോടി രൂപയിൽ 3 കോടി രൂപയുടെ ഭരണാനുമതി നൽകണമെന്നും ടി പ്രോജക്ടുകൾ നടപ്പാക്കുന്നതിന് Expression of Interest ക്ഷണിക്കുന്നതിനും അപ്രകാരം ലഭിക്കുന്ന അപേക്ഷകൾ ടെക്നിക്കൽ കമ്മിറ്റിയുടെ തീരുമാനത്തിന് വിധേയമായി തുക അനുവദിച്ച് പ്രോജക്ട് നടപ്പാക്കുന്നതിനും അനുമതി നൽകണമെന്ന് സാമൂഹ്യനീതി ഡയറക്ടർ പരാമർശം 2 പ്രകാരം അഭ്യർത്ഥിച്ചിരിക്കുന്നു.

4. 30.5.2019 ലെ വർക്കിംഗ് ഗ്രൂപ്പ് യോഗം പൊതു നിബന്ധനകൾക്കു വിധേയമായും ഈ പദ്ധതിയ്ക്കായി വകുപ്പിൽ നിന്നും ആളുകളെ നിയോഗിക്കാൻ പാടില്ലെന്നുമുള്ള വ്യവസ്ഥയോടെ പ്രസ്തുത പ്രൊപ്പോസലിന് അംഗീകാരം നൽകി.

5. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു ഭിന്നശേഷിക്കാരുടെ പുനരധിവാസവും ഉന്നമനവും NGO സഹകരണത്തോടെ നടപ്പിലാക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ ദീൻദയാൽ റീഹാബിലിറ്റേഷൻ പദ്ധതിയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയിരിക്കുന്ന ' അതിജീവനം ' പദ്ധതിയ്ക്ക് 3 കോടി രൂപ ചുവടെ ചേർക്കുന്ന നിബന്ധനകൾക്കു വിധേയമായും ഈ പദ്ധതിയ്ക്കായി വകുപ്പിൽ നിന്നും ആളുകളെ നിയോഗിക്കാൻ പാടില്ലെന്നുമുള്ള വ്യവസ്ഥയോടെ നടപ്പ് സാമ്പത്തിക വർഷത്തെ 2235-02-101-73 ശീർഷകത്തിൽ നിന്നും വിനിയോഗിക്കുന്നതിന് ഭരണാനുമതി നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

a) സാമൂഹ്യനീതി വകുപ്പിൽ നിന്നും സാമ്പത്തിക സഹായമായി അനുവദിക്കുന്ന തുകയ്ക്കായി ഒരു പ്രത്യേക ബാങ്ക് അക്കൗണ്ട് തുടങ്ങേണ്ടതാണ്. അതിൽ മറ്റു ഫണ്ടുകളുടെ ക്രയവിക്രയങ്ങൾ പാടില്ല. ടി അക്കൗണ്ടിലൂടെ നടത്തിപ്പുകാർ നിക്ഷേപിക്കുകയും ചെലവഴിക്കുന്നതുമായ തുക മാത്രമേ എൻ.ജി.ഒ വിഹിതം നിർബന്ധമായുള്ള പദ്ധതികളിൽ എൻ.ജി.ഒ വിഹിതം ആയി വകവയ്ക്കുകയുള്ളൂ.

b) 500 രൂപയ്ക്കു മുകളിലുള്ള എല്ലാ ചെലവുകളും ചെക്ക്/ഡി.ഡി/ബാങ്ക് ട്രാൻസ്ഫർ എന്നിവയ്ക്കായി മാത്രമേ നൽകാൻ പാടുള്ളൂ.

c) ഓരോ മാസവും 15 ന മുൻപ് തൊട്ടു മുൻപുള്ള മാസത്തെ വരവ്-ചെലവ് പത്രികയും ബാങ്കിൽ നിന്നും സാക്ഷ്യപ്പെടുത്തിയ ബാങ്ക് സ്റ്റേറ്റ്മെന്റും ജില്ലാ സാമൂഹ്യനീതി ഓഫീസർക്ക് തപാൽ മുഖേന ലഭ്യമാക്കിയിരിക്കണം.

d) ജില്ലാ സാമൂഹ്യനീതി ഓഫീസർ തങ്ങളുടെ അധീനതയിലുള്ള പദ്ധതികളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് മൂന്ന് മാസത്തിൽ ഒരിക്കൽ സന്ദർശനം നടത്തേണ്ടതും ആ വിവരം അതാതു സ്ഥലങ്ങളിലെ ഇൻസ്പെക്ഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും ഹോമുകളാണെങ്കിൽ അവിടുള്ള അന്തേവാസികളുടെ ജീവിത സാഹചര്യങ്ങൾ മനസ്സിലാക്കി ആവശ്യമായ അറിയിപ്പുകൾ അധികൃതർക്ക് നൽകേണ്ടതുമാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
ബിജു പ്രഭാകർ ഐ.എ.എസ്
സ്പെഷ്യൽ സെക്രട്ടറി

ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ , കേരള സാമൂഹ്യ സുരക്ഷാ മിഷൻ ,പൂജപ്പുര, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ( എ & ഇ /ജി & എസ്സ് .എസ്സ് .എ ),കേരള, തിരുവനന്തപുരം
ധനകാര്യ വകുപ്പ്
ട്രഷറി ഓഫീസർ, ജില്ലാ ട്രഷറി, തിരുവനന്തപുരം
സാമൂഹ്യനീതി(എ) വകുപ്പ്(item no 8)
ആസൂത്രണസാമ്പത്തികകാര്യവകുപ്പ്
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ്(വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Jasmin Thomas

സെക്ഷൻ ഓഫീസർ